LIBRARY ARCHIVES Kerala Legislative Assembly

ഉപയോഗിക്കുവാൻ കഴിയുന്നതാണ്. കൂടാതെ ഡാമിലെ ജല നിരപ്പ് വിവിധ സീസണുകളിൽ ക്രമീകരിക്കുന്നതിന് "റൂൾ കർവ്" തയ്യാറാക്കിയിട്ടുണ്ട്. അരുവിക്കര ഡാമിന്റെ സംഭരണ ശേഷി വീണ്ടെടുക്കുന്നതിനുള്ള കർമ്മ പദ്ധതി തയ്യാറാക്കി എംപവേർഡ് കമ്മിറ്റിക്ക് സമർപ്പിച്ചിണ്ട്.

(ബി) പ്രളയ നിയന്ത്രണം, ശുദ്ധജല വിതരണം, ജലസേചനം എന്നിവയ്ക്കായി മൾട്ടിപർപ്പസ് ഡാം നിർമ്മിക്കുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ വിശദാശം നൽകുമോ?

പാലക്കാട് ജില്ലയിൽ ശിരുവാണി നദിയുടെ കുറുകെ ജലസേചനത്തിനായി അട്ടപ്പാടി ബ്ലോക്കിലെ അഗളി പഞ്ചായത്തിലെ ചിറ്റൂരിൽ ഒരു അണക്കെട്ട് നിർമ്മിച്ച് അട്ടപ്പാടിയിലെ അഗളി, ഷോളയൂർ കോട്ടത്തറ മേഖലയിലെ 4255 ഹെ. കൃഷി ഭൂമിക്ക് ജലസേചന സൗകര്യം (Cross Commanded Area 8738 ഹെ.) ചെയ്യുകയെന്നതാണ് പ്രസ്തുത പദ്ധതി. കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായുള്ള നടപടി പുരോഗമിച്ചുവരുന്നു. ജലസേചനം കൂടാതെ പ്രളയ ജലം ഒരു നിശ്ചിത അളവിൽ ക്രമീകരിക്കാൻ കൂടി ഈ പദ്ധതി വിഭാവനം ചെയ്യുന്നു. പാലക്കാട് ജില്ലയിൽ വിഭാവന ചെയ്തിട്ടുള്ള കുറിയാർകുറ്റി കാരപ്പാറ പദ്ധതി (SAKKIP), ഭവാനി ബേസിനിൽ വിഭാവന ചെയ്തിട്ടുള്ള അട്ടപ്പാടിവാലി ജലസേചന പദ്ധതി, വയനാട് ജില്ലയിൽ കബനി ബേസിനിൽ വിഭാവനം ചെയ്തിട്ടുള്ള ഏഴ് ഇടത്തരം പദ്ധതികളും (കടമൻതോട്, ചൂണ്ടാലിപ്പുഴ, നൂൽപ്പുഴ, തൊണ്ടാർ, തിരുനെല്ലി, കല്ലംപതി, പെരിങ്ങോട്ടുപുഴ) പ്രളയ നിയന്ത്രണം കൂടി ഉദ്ദേശിച്ചുള്ളവയാണ്. കുറിയാർകുറ്റി കാരപ്പാറ പദ്ധതിക്കായുള്ള DPR തയ്യാറാക്കുന്നതിനായി M/s TATA CONSULTING Engineers LTD, MUMBAI എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. അവർ പ്രാഥമിക റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അട്ടപ്പാടിവാലി ജലസേചന പദ്ധതിക്കായുള്ള DPR കേന്ദ്ര ജലകമ്മീഷന് സമർപ്പിച്ചിട്ടുണ്ട്. കടമൻതോട്, തൊണ്ടാർ എന്നീ പദ്ധതികൾക്കായി DPR തയ്യാറാക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.

ആലത്തൂർ മണ്ഡലത്തിൽ ജലസേചന വകുപ്പിന്റെ ഫണ്ടുപയോഗപ്പെടുത്തി നടത്തിയ പ്രവൃത്തികൾ

113(618) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ ജലസേചന വകുപ്പിന്റെ ഫണ്ടുപയോഗപ്പെടുത്തി കാഡാ ചാനലുകൾ, മെയിൻ കനാലുകൾ, ചേരാമംഗലം ഡാം, മംഗലം ഡാം എന്നിവിടങ്ങളിൽ ഏതെല്ലാം പ്രവൃത്തികൾ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

ആലത്തൂർ നിയോജകമണ്ഡലത്തിൽ മംഗലം ഡാമിനു കീഴിൽ വരുന്ന കാഡാ ചാനലുകൾ, മംഗലം, ചേരാമംഗലം മെയിൻ കനാലുകൾ, ചേരാമംഗലം കാഡാ ചാനലുകൾ എന്നിവിടങ്ങളിൽ പുനരുദ്ധാരണ പ്രവൃത്തികളും അറ്റകുറ്റപ്പണികളും നടത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തികൾക്കായി ചെലവഴിച്ച തുക ഇനം തിരിച്ച് വ്യക്തമാക്കാമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു.*

ഡാമുകളിലെ ചെളിയും മണലും നീക്കം ചെയ്യാൻ നടപടി

114(619) ഡോ. എം. കെ. മുനീർ:

ശ്രീ. കെ. പി. എ. മജീദ്:

ശ്രീ. അബ്ദുൽ ഹമീദ് മാസ്റ്റർ :

ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന് കീഴിലുള്ള ഡാമുകളിൽ ചെളിയും മണലും അടിഞ്ഞു കിടന്ന് സംഭരണശേഷിയിൽ കുറവുസംഭവിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ഉണ്ട്.

(ബി) ഇപ്രകാരം അടിഞ്ഞുകിടക്കുന്ന ചെളിയും മണലും നീക്കം ചെയ്യുന്നതിന് സ്വീകരിച്ചുവരുന്ന നടപടി എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ജലവിഭവ വകുപ്പിന് കീഴിലുള്ള വിവിധ ഡാമുകളിലെ ചെളിയും മണലും നീക്കം ചെയ്യുന്നതിന്റെ ഭാഗമായി മംഗലം ഡാമിൽ ഡീസിൽറ്റേഷൻ പ്രവർത്തനങ്ങൾ ടേൺകീ വ്യവസ്ഥയിൽ നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതി നൽകുകയും അപ്രകാരം ഡാമിൽനിന്നും 17-12-2020 മുതൽ മണൽ നീക്കം ചെയ്യുന്ന നടപടി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 7-1-2021-ലെ സ.ഉ(സാധാ) നമ്പർ 21/2021/ജവിവ പ്രകാരം ചുള്ളിയാർ ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവർത്തനങ്ങൾ ജലസേചന വകുപ്പിന്റെ കീഴിലുള്ള special purpose vehicle (SPV) ആയ KIIDC എന്ന സ്ഥാപനത്തെയും, 7-1-2021 -ലെ സ.ഉ. (സാധാ) നമ്പർ 22/2021/ജവിവ പ്രകാരം വാളയാർ, മീൻകര ഡാമുകളിലെ ഡീസിൽറ്റേഷൻ പ്രവൃത്തി KEMDEL എന്ന സ്ഥാപനത്തെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. 2018-ലെ പ്രളയത്തിനുശേഷം

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly